പതിമൂന്നാം കേരളനിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :237 01.12.2014 ൽ മറുപടി പറയേണ്ടിയിരുന്നത്

ക്രമസമാധാന രംഗത്ത് ദേശീയതലത്തിൽ നേട്ടം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ എം.എ. വാഹിദ്<br>ശ്രീ. ലൂഡി ലൂയിസ് | | ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) ഈ സർക്കാരിന്റെ കാലത്ത് ക്രമസമാധാന രംഗത്ത്, കേരളം ദേശീയതലത്തിൽ ഉന്നതസ്ഥാനത്ത് എത്തിയിട്ടുണ്ടോ; വിശദമാക്കാമോ;<br><br>(ബി) ഇത് സംബന്ധിച്ച റിപ്പോർട്ടുകളുടെയും സർവ്വെകളുടെയും വിശദാംശങ്ങൾ എന്തെല്ലാമാണ്; | (എ) യും (ബി) യും | ഇന്ത്യയിലെ മികച്ച സംസ്ഥാനങ്ങളെക്കുറിച്ചുള്ള 'ഇന്ത്യാ ടുഡേ' വാർഷിക സർവ്വേയിൽ കഴിഞ്ഞ ഒരു വർഷത്തെ ക്രമസമാധാന പാലനത്തിന് കേരളത്തിന് ഒന്നാം സ്ഥാനം ലഭിച്ചതായി 2012 നവംബർ 14-ാം തീയതിയിലെ 'ഇന്ത്യാടുഡേ'യിൽ പ്രസിദ്ധീകരിച്ച വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) പ്രസ്തുത നേട്ടം കൈവരിക്കുവാൻ എന്തെല്ലാം നടപടികളാണ് ഭരണതലത്തിൽ സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;<br><br>(ഡി) ക്രമസമാധാന രംഗത്ത് കൂടുതൽ നേട്ടങ്ങൾ കൈവരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ? | (സി) യും (ഡി) യും | ഓരോ സ്ഥലത്തെയും ജനസംഖ്യയും ക്രൈംറേറ്റും, ദൂരപരിധിയും കണക്കാക്കി പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിച്ചതിന്റെ ഫലമായി സംസ്ഥാനത്ത് കുറ്റകൃത്യങ്ങൾ തടയുവാൻ പോലീസിന് വളരെ വേഗം സാധിക്കുകയും, കുറ്റകൃത്യങ്ങൾ റിപ്പോർട്ട് ചെയ്താൽ എത്രയും പെട്ടെന്ന് തന്നെ നിയമനടപടികൾ സ്വീകരിക്കുവാനും സാധിക്കുന്നു. ക്രമസമാധാനനില അവലോകനം ചെയ്യാൻ എല്ലാ മാസവും സംസ്ഥാന പോലീസ് മേധാവിയുടെ നേതൃത്വത്തിൽ ഉന്നത പോലീസ് ഉദ്യോഗസ്ഥരുടെ യോഗം ചേരാറുണ്ട്. പ്രസ്തുത യോഗത്തിൽ ക്രമസമാധാന പരിപാലനത്തിനായി സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് സംസ്ഥാന പോലീസ് മേധാവി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുന്നുണ്ട്. ജനമൈത്രി പോലീസ് സംവിധാനം, ക്ലീൻ ക്യാംപസ് സേഫ് ക്യാംപസ് പദ്ധതി, സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള |

കുറ്റകൃത്യങ്ങൾ തടയുന്നതിനായി സീറോ ടോളറൻസ് പദ്ധതി, നിർഭയ പദ്ധതി, നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കൽ, 'ഓപ്പറേഷൻ കുബേര', സ്റ്റുഡന്റ് പോലീസ് കേഡറ്റ് തുടങ്ങിയ പദ്ധതികളിലൂടെ സമൂഹത്തിന്റെ വിവിധ കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിനും തടയുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. ജനങ്ങൾ ടി പദ്ധതികളുമായി കൂടുതൽ സഹകരിക്കുന്നതിനാൽ ക്രമസമാധാനരംഗത്ത് കൂടുതൽ നേട്ടങ്ങൾ കൈവരിക്കാനായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ